# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പോട്ടയിൽ നിർമ്മാണം പൂർത്തീകരിച്ച വനിതാ ഹോസ്റ്റലിന്റെ പ്രവർത്തനത്തിനായുള്ള നിയമാവലിക്ക് അംഗീകാരം നൽകി ഉത്തരവാകുന്നു.

================================================================

## തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ). 2231/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 13-08-2018

================================================================

പരാമർശം :-ഗ്രാമ വികസന കമ്മീഷണറുടെ 28-06-2018-ലെ 9103/ എച്ച് & റ്റി 2/18/സി.ഡി.ആർ നമ്പർ കത്ത്

## ഉത്തരവ്

ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പോട്ടയിൽ നിർമ്മാണം പൂർത്തീകരിച്ച വനിതാ ഹോസ്റ്റലിന്റെ പ്രവർത്തനങ്ങൾക്കായി അനുബന്ധമായി ചേർത്തിട്ടുള്ള നിയമാവലി അംഗീകരിച്ച് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**മിനിമോൾ എബ്രഹാം**
അഡീഷണൽ സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സെക്രട്ടറി, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## **ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് വനിതാ ഹോസ്റ്റൽ ബൈലോ**

**1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 254-)ാ വകുപ്പ് (1)-)ാ ഉപവകുപ്പും 256-)ാ വകുപ്പ് (3)-)ാ ഉപവകുപ്പും പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചും ടി ആക്ടിന്റെ ബന്ധപ്പെട്ട വകുപ്പുകൾ അനുസരിച്ചും, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് താഴെപ്പറയുന്ന നിയമാവലി ഉണ്ടാക്കുന്നു.**

1). എ). ഈ നിയമാവലിക്ക് ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് വനിതാ ഹോസ്റ്റൽ ബൈലോ എന്നു പേരു പറയാം

ബി). ഇത് സർക്കാർ അംഗീകരിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതായി കണക്കാക്കേണ്ടതാണ്.

**2). <u>നിർവ്വചനങ്ങൾ</u>** - ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം:-

എ). സെക്രട്ടറി എന്നാൽ ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി എന്നർത്ഥമാകുന്നു.

ബി). ബ്ലോക്ക് പഞ്ചായത്ത് എന്നാൽ ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് എന്നർത്ഥമാകുന്നു.

സി). ഹോസ്റ്റൽ എന്നാൽ ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിലെ പോട്ടയിൽ ബ്ലോക്ക് പഞ്ചായത്തിന്റെ വകയായി നിർമ്മാണം പൂർത്തിയാക്കിയ വനിതാ ഹോസ്റ്റൽ എന്ന് അർത്ഥമാകുന്നു.

ഡി). ലൈസൻസി എന്നാൽ മേൽപ്പറഞ്ഞ ഹോസ്റ്റൽ നടത്തിപ്പിന് ചുമതലപ്പെടുത്തിയ വ്യക്തി - സ്ഥാപനം എന്ന് അർത്ഥമാകുന്നു.

ഇ). ലൈസൻസ് ഫീസ് എന്നാൽ ടി കുത്തക നടത്തിപ്പിന് ലൈസൻസി ബ്ലോക്ക് പഞ്ചായത്തിന് നൽകേണ്ട ഫീസ് എന്നർത്ഥമാകുന്നു.

എഫ്) അന്തേവാസി എന്നാൽ നിശ്ചിത തുക ഹോസ്റ്റൽ ഫീസ് ഒടുക്കി ഹോസ്റ്റലിൽ താൽക്കാലികമായി താമസിക്കുന്ന വനിത എന്നർത്ഥമാകുന്നു.

**3). <u>ഉദ്ദേശം</u>** :

ചാലക്കുടി ബ്ലോക്ക് അതിർത്തിയിലെ ആറ് ഗ്രാമപഞ്ചായത്തുകളിലും സമീപ പ്രദേശത്തെയും സർക്കാർ/പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന വനിതാ ജീവനക്കാരുടെ പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുക എന്ന ഉദ്ദേശത്തിലാണ് വനിതാ ഹോസ്റ്റൽ തുടങ്ങിയിരിക്കുന്നത്. ചാലക്കുടി സന്ദർശിക്കുന്ന വനിതകൾക്ക് അത്യാവശ്യ സന്ദർഭങ്ങളിൽ മുറികൾ ഒഴിവുള്ളപക്ഷം താൽക്കാലികമായി താമസിക്കാൻ അനുവദിക്കാവുന്നതാണ്. 10% സീറ്റ് (1 എണ്ണം) വികലാംഗരായ സ്ത്രീകൾക്കും, 10 ശതമാനം സീറ്റ് (1 എണ്ണം) പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കും സംവരണം ചെയ്തിട്ടുണ്ട്. ഈ വിഭാഗക്കാർ അപേക്ഷകരായി ഇല്ലാത്തപക്ഷം ഈ സീറ്റുകൾ ജനറൽ വിഭാഗത്തിന് നൽകാവുന്നതാണ്.

**4). <u>വ്യവസ്ഥകൾ</u>**

1). **<u>ഭരണസമിതി:</u>** വനിതാ ഹോസ്റ്റലും, കോമ്പൗണ്ടും ബ്ലോക്ക് പഞ്ചായത്തിന്റെ പരിപൂർണ്ണ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമായിരിക്കും. ഹോസ്റ്റലിന്റെ സുഗമവും കാര്യക്ഷമവുമായ പ്രവർത്തനത്തിനാവശ്യമായ മേൽനോട്ടം നടത്തുന്നതിനായി ഭരണസമിതി ഉണ്ടായിരിക്കുന്നതാണ്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ടി ഭരണ സമിതിയിൽ വൈസ് പ്രസിഡന്റ്, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, ബന്ധപ്പെട്ട സി.ഡി.പി.ഒ, ഹോസ്റ്റൽ വാർഡൻ, ഭരണസമിതി നാമനിർദ്ദേശം ചെയ്യുന്ന മൂന്നു വനിതാ മെമ്പർമാർ എന്നിവർ അംഗങ്ങളായിരിക്കും.

**2). <u>ഹോസ്റ്റൽ നടത്തിപ്പ്</u>**:ഹോസ്റ്റൽ നടത്തിപ്പിന്റെ ചുമതല ലൈസൻസിക്ക് ആയിരിക്കും. ലൈസൻസി ഹോസ്റ്റൽ നടത്തിപ്പിനായി വാർഡനേയും, അന്തേവാസികൾക്കായി മെസ്സ് ഒരുക്കുന്നതിന് ആവശ്യമായ ജോലിക്കാരേയും നിശ്ചയിക്കേണ്ടതാണ്. പ്രവർത്തനത്തിനായി തിരഞ്ഞെടുക്കുന്ന വ്യക്തികൾ ടി ജോലി ചെയ്യുവാൻ പ്രാപ്തരാണ് എന്ന് ഭരണ സമിതിക്ക് ബോദ്ധ്യപ്പെടുകയും നിയമനം സമിതി അംഗീകരിക്കുകയും ചെയ്യേണ്ടതാണ്. ജോലിക്കാർ സി.ഡി.എസ് അംഗങ്ങളായ 60 വയസ്സിൽ താഴെ പ്രായമുള്ള

വിദ്യാസമ്പന്നരായ സ്ത്രീകളായിരിക്കേണ്ടതാണ്. ലൈസൻസി ബ്ലോക്ക് പഞ്ചായത്തുമായി കരാറിൽ ഏർപ്പെടേണ്ടതും ടി കരാറിൽ ഹോസ്റ്റൽ നടത്തിപ്പിന്റെ ചുമതലകളും ഉത്തരവാദിത്വവും അവകാശങ്ങളും വ്യക്തമാക്കേണ്ടതുമാണ്. കാലാ കാലങ്ങളിൽ ഭരണ സമിതി ഏർപ്പെടുത്തുന്ന ഭേദഗതികളോടെ കരാർ വ്യവസ്ഥകൾ പുതുക്കി നിശ്ചയിക്കേണ്ടതാണ്. ചുതലകളിൽ വീഴ്ച വരുത്തുകയോ നടത്തിപ്പ് തൃപ്തികരമല്ല എന്ന് ഭരണ സമിതിക്കോ കൗൺസിലിനോ ബോദ്ധ്യമാവുകയോ ചെയ്താൽ നടത്തിപ്പുകാരിയെ മാറ്റുന്നതിനും പകരം മറ്റൊരാളെ ഏർപ്പെടുത്തുന്നതിനും ലൈസൻസിയോട് ആവശ്യപ്പെടാവുന്നതാണ്. ലൈസൻസിക്ക് യോഗ്യരായ ജോലിക്കാരെ നിർദ്ദേശിക്കുന്നതിന് കഴിയാതിരുന്നാൽ ഭരണസമിതിക്ക് പകരം യോഗ്യയായ ജോലിക്കാരെ നടത്തിപ്പിനായി ചുമതലപ്പെടുത്താവുന്നതാണ്. അടിയന്തിര സാഹചര്യത്തിൽ ഭരണ സമിതിക്ക് കൗൺസിലിന്റെ അനുമതിയോടെ ബ്ലോക്ക് പഞ്ചായത്തിലെ വനിതാ ജീവനക്കാരെ ഹോസ്റ്റലിന്റെ നടത്തിപ്പിനായി ചുമതലപ്പെടുത്താവുന്നതാണ്. ടിയാരി സാധാരണ ചുമതലയായി ടി ജോലി നിർവ്വഹിക്കേണ്ടതും, പ്രത്യേക വേതനത്തിന് അർഹതയുണ്ടായിരിക്കുന്നതുമല്ല. ഭരണസമിതി മാസത്തിൽ ഒരു തവണയെങ്കിലും യോഗം ചേരുകയും ഹോസ്റ്റലിന്റെ നടത്തിപ്പ് വിലയിരുത്തുകയും ചെയ്യേണ്ടതാണ്.

**ലൈസൻസിയുമായി ഉണ്ടാക്കുന്ന കരാർ**

1. ലൈസൻസി ഭരണസമിതി നിശ്ചയിക്കുന്ന യോഗ്യതയുള്ള ആളെ വാർഡനായി നിയമിക്കുകയും ഭരണ സമിതിയുടെ അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണ്. വാർഡന്റെ ബയോഡാറ്റ, യോഗ്യതാ സാക്ഷ്യപത്രങ്ങളുടെ പകർപ്പുകൾ സഹിതം ബ്ലോക്ക് പഞ്ചായത്തിൽ സമർപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്.
2. ഹോസ്റ്റലിൽ പ്രവേശനം ആഗ്രഹിക്കുന്ന വനിതാ ജീവനക്കാർ ബ്ലോക്ക് പഞ്ചായത്തിൽ സമർപ്പിക്കുന്ന അപേക്ഷ, ഹോസ്റ്റലിൽ പ്രവേശിപ്പിക്കുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ അനുമതിയോടെയുള്ള ഒരു പകർപ്പ്, വാർഡൻ സൂക്ഷിക്കുകയും ആയത് പ്രകാരം അന്തേവാസികളുടെ ആവശ്യമായ വിവരങ്ങൾ സഹിതമുള്ള രജിസ്റ്റർ ഹോസ്റ്റലിൽ സൂക്ഷിക്കേണ്ട തുമാണ്.
3. ബ്ലോക്ക് പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള ഹോസ്റ്റൽ വാടക, അന്തേവാസികളിൽ നിന്നും മുൻകൂറായി സ്വീകരിക്കുകയും, ഓരോ മാസവും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിൽ അടച്ച് രസീത് വാങ്ങേണ്ടതുമാണ്.
4. ഹോസ്റ്റലിലെ അന്തേവാസികളുടെ സുരക്ഷിതത്വം, അച്ചടക്കം ഇവ ഉറപ്പ വരുത്തുന്നതിന് ആവശ്യമായ നടപടികൾ ഹോസ്റ്റൽ വാർഡൻ/ലൈസൻസി സ്വീകരിക്കേണ്ടതാണ്.
5. അന്തേവാസികൾക്ക് തൃപ്തികരമായ ഭക്ഷണം, താമസ സൗകര്യം ഇവ ഉണ്ടെന്ന് വാർഡൻ/ലൈസൻസി ഉറപ്പുവരുത്തേണ്ടതും ഏതെങ്കിലും കുറവുകളുണ്ടെങ്കിൽ ആയത് ഭരണസമിതിയുടേയോ, അടിയന്തിര പ്രാധാന്യമുള്ള കാര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയോ ചെയർപേഴ്സന്റെയോ ശ്രദ്ധയിൽ പ്പെടുത്തി പരിഹാരം കണ്ടെത്തുകയും ചെയ്യേണ്ടതാണ്.
6. അന്തേവാസികൾക്ക് തൃപ്തികരമായ ഭക്ഷണം നൽകുന്നതിന് ആവശ്യമായ മെസ്സ് ഹോസ്റ്റൽ വാർഡന്റെ/ലൈസൻസിയുടെ ചുമതലയാണ്.

   അന്തേവാസികൾക്ക് പ്രഭാത ഭക്ഷണം,ഉച്ചഭക്ഷണം,രാത്രി ഭക്ഷണം ഇവ നൽകേണ്ടതാണ്.

| | |
|---|---|
| രാവിലെ 7 മണി മുതൽ 8 മണിവരെ | ചായ/കാപ്പി/പ്രഭാത ഭക്ഷണം |
| ഉച്ചയ്ക്ക് 12 മണിമുതൽ 2 മണിവരെ | ഉച്ചഭക്ഷണം |
| രാത്രി 7.30 മുതൽ 8.30 വരെ | രാത്രി ഭക്ഷണം |

7. ഭക്ഷണത്തിനുള്ള വിഭവങ്ങൾ, മെസ്സിന്റെ പ്രവർത്തനം, ഓരോ മാസത്തേയും ചാർജ്ജ് ഇവ നിശ്ചയിക്കുന്നതിന് ഒരു മെസ്സ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. ഒരു മാസത്തെ ഭക്ഷണത്തിന് ഈടാക്കാവുന്ന കൂടിയ തുക ഭരണ സമിതി നിശ്ചയിച്ച നൽകേണ്ടതും ടി തുകയിൽ അധികരിക്കാത്ത രീതിയിൽ വിഭവങ്ങളും അവയുടെ പാചകം, വിതരണം ഇവയും നിശ്ചയിക്കേണ്ടതാണ്. മെസ് സമിതി സി.ഡി.എസ് ചെയർപേഴ്സൺ, വാർഡൻ, മെസ്സ് പ്രവർത്തിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള ജോലിക്കാരൻ, താമസക്കാരിൽ രണ്ടുപേർ എന്നിവർ ഉൾപ്പെട്ടതായിരിക്കണം. ടി സമിതിയുടെ ഓരോ മാസത്തേയും തീരുമാനം പ്രത്യേകം യോഗം ചേർന്ന് മിനിറ്റ്സിൽ രേഖപ്പെടുത്തണം. നടത്തിപ്പിന്റെ ചുമതലയുള്ള ലൈസൻസി ബ്ലോക്ക് പഞ്ചായത്തുമായി

ഉണ്ടാക്കിയിട്ടുള്ള കരാർ നിബന്ധനകൾ പാലിച്ചുകൊണ്ട് പ്രവർത്തിക്കേണ്ടതാണ്. ഭരണസമിതി കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വാടക, മറ്റ് ചാർജ്ജുകൾ ഇവ ഈടാക്കി വനിതകൾക്ക് പ്രവേശനം നൽകുന്നതിന് ഹോസ്റ്റൽ വാർഡന് അധികാരമുണ്ടായിരിക്കുന്നതാണ്. താമസക്കാരിൽനിന്നും ഹോസ്റ്റൽ പ്രവേശനത്തിനുള്ള നിശ്ചിത അപേക്ഷാ ഫാറം പൂരിപ്പിച്ച് വാങ്ങേണ്ടതും താഴെ ചേർക്കുന്ന രേഖകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതുമാണ്.

(1) ശമ്പള സാക്ഷ്യപത്രം
(2) തൊഴിലുടമയിൽനിന്നുള്ള സാക്ഷ്യപത്രം
(3) ലോക്കൽ ഗാർഡിയന്റെ പരിചയ സാക്ഷ്യപത്രം
(4) ഐഡന്റിറ്റി തെളിയിക്കുന്ന രേഖ

ഹോസ്റ്റൽ പ്രവേശനത്തിനായി ലഭിക്കുന്ന അപേക്ഷകൾ നടത്തിപ്പുകാരൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി/സെക്രട്ടറി മുമ്പാകെ ഹാജരാക്കി അംഗീകാരം ലഭ്യമാക്കി അടിയൊപ്പം വാങ്ങേണ്ടതാണ്. ഹോസ്റ്റലിലെ അംഗത്വം ഓരോ വർഷവും ഡിസംബർ മാസത്തിൽ അവസാനിക്കുന്നതാണ്. തുടർന്ന് താമസിക്കേണ്ടി വരുന്നവർ ഓരോ വർഷവും അവസാന തീയതിക്കു മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്.

8. ഹോസ്റ്റൽ നടത്തിപ്പിനാവശ്യമായ ഇലക്ട്രിക് സാനിറ്ററി ഫിറ്റിംഗുകൾ, ഫർണീച്ചറുകൾ, പാചക, ഭക്ഷണ, ഇന്ധന ഉപകരണങ്ങൾ ഉൾപ്പെടെ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി നൽകുന്നതാണ്.

9. വാടക, കറണ്ട്, വാട്ടർചാർജ്ജ്, പ്രവേശന ഫീസ്, സർവ്വീസ് ചാർജ്ജ് ഇവ എല്ലാ വർഷവും ഭരണസമിതി അംഗങ്ങളും കൗൺസിലും നിശ്ചയിക്കുന്ന രീതിയി ലായിരിക്കും.

10. ഹോസ്റ്റൽ ചാർജ്ജ് പ്രവേശന ഫീസ് ഇവ പ്രവേശന സമയത്തും മറ്റു ചാർജ്ജുകൾ പത്താം തീയതിക്കു മുൻപായി മുൻകൂറായും, വാർഡനെ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടതാണ്. ബെഡ്ഷീറ്റ്, കൊതുകുവല എന്നിവ അവരവരുടെ ആവശ്യപ്രകാരം സ്വന്തമായി വാങ്ങേണ്ടതാണ്. യാതൊരു കാരണവശാലും ഹോസ്റ്റൽ/മെസ്സ് ചാർജ്ജ് എന്നിവയിൽ ഇളവ് അനുവദിക്കുന്നതല്ല. ഉദ്യോഗസ്ഥർക്കായി മാറ്റിവച്ചിട്ടുള്ള മുറികളിൽ താമസക്കാരില്ലെങ്കിൽ മറ്റു ജീവനക്കാരെ പ്രവേശിപ്പിക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരോ നഗരസഭയുടെ കീഴിലുള്ള മറ്റ് ജീവനക്കാരോ അപേക്ഷിക്കുന്ന പക്ഷം ആദ്യം വരുന്ന ഒഴിവിലേയ്ക്ക് ജീവനക്കാരെ പരിഗണിക്കേണ്ടതുമാണ്. വൈദ്യുതി, വാട്ടർ ചാർജ്ജ്, ടെലിഫോൺ (ലാന്റ് ഫോൺ) ചാർജ്ജ്, കെട്ടിടത്തിന്റെയും പരിസരത്തിന്റെയും ശുചീകരണം, സെക്യൂരിറ്റി ചെലവ് എന്നിവ ലൈസൻസി സ്വന്തം നിലയിൽ വഹിക്കേണ്ടതാണ്. എന്നാൽ കെട്ടിടം, സംബന്ധമായോ, വൈദ്യുതി, കുടിവെള്ള വിതരണ സംവിധാനത്തിലോ, അടിസ്ഥാനപരമായി തകരാറുകളോ സ്ഥായിയായ മെയിന്റനൻസോ വന്നാൽ ആയവ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയിൽ നിന്നും സാധാരണ നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് പരിഹരിക്കുന്നതാണ്.

11. കാര്യമായ അറ്റകുറ്റപ്പണികൾ നടത്തേണ്ടിവരികയോ, മെയിന്റനൻസ് നടത്തുകയോ ചെയ്യേണ്ടിവന്നാൽ ആയതിന് മൂന്ന് മാസക്കാലത്തിന് മുൻപ് ലൈസൻസി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് നോട്ടീസ് നൽകുകയും, കൗൺസിലിന്റെ അനുമതിക്ക് വിധേയമായി അന്തേവാസികളെ ഒഴിപ്പിക്കാവുന്നതും ആയത് ചോദ്യം ചെയ്യുവാൻ അന്തേവാസികൾക്ക് അധികാരമില്ലാത്തതുമാണ്.

12. വൈദ്യുതി, വെള്ളം, ഫോൺ, കേബിൾ എന്നീ ഇനങ്ങളിൽ കുടിശ്ശിക ബില്ലുകൾ ഉണ്ടായാൽ ആയത് ലൈസൻസി തന്നെ ബാദ്ധ്യത തീർത്ത് രസീതുകൾ സഹിതം (ലൈസൻസ് കാലാവധി കഴിഞ്ഞാണ് കുടിശ്ശിക ബില്ലുകൾ ലഭിക്കു ന്നതെങ്കിൽപ്പോലും) ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിയിൽ ഹാജരാക്കി അധികൃതരെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം ടി കുടിശ്ശികകൾ നിയമപരമായ നടപടികളിലൂടെ ഈടാക്കുന്നതാണ്.

13. എഗ്രിമെന്റ് കാലാവധി കഴിയുകയോ, ഹോസ്റ്റലിന്റെ സുഗമമായ നടത്തിപ്പിന് ലൈസൻസിക്ക് സാധിക്കുന്നില്ല എന്ന് ഭരണസമിതി റിപ്പോർട്ട് ചെയ്യുകയോ ചെയ്താൽ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി എഗ്രിമെന്റ് റദ്ദാക്കാവുന്നതാണ്. മേൽ സാഹചര്യത്തിൽ ഭരണസമിതിയുടെ

മേൽനോട്ടത്തിൽ പ്രവർത്തനം തുടരുകയോ രണ്ടാം നമ്പർ വ്യവസ്ഥയിൽ പറഞ്ഞിട്ടുള്ള മാർഗ്ഗങ്ങൾ അവലംബിക്കുകയും ചെയ്യേണ്ടതാണ്.

14. എഗ്രിമെന്റ് കാലാവധി കഴിയുന്ന മുറയ്ക്ക്, ലൈസൻസി, ബ്ലോക്ക് പഞ്ചായത്ത് ഏൽപ്പിച്ചിരുന്ന എല്ലാ ജംഗമ സാധനങ്ങളും ഉണ്ടെന്ന് സ്റ്റോക്ക് വെരിഫിക്കേഷൻ നടത്തി ബ്ലോക്ക് പഞ്ചായത്ത് അധികൃതരെ ബോദ്ധ്യപ്പെടുത്തേണ്ടതും കുറവുണ്ടെങ്കിൽ ആയവയ്ക്ക് ആനുപാതികമായ തുകയോ പകരം സാധനങ്ങളോ ലൈസൻസി നൽകേണ്ടതുമാണ്. എന്നാൽ നിരന്തര ഉപയോഗംമൂലം തേയ്മാനവും മറ്റും ഉണ്ടാകുന്നവ കേടായ വിവരം സഹിതം ബ്ലോക്ക് പഞ്ചായത്തിൽ ബോദ്ധ്യപ്പെടുത്തേണ്ടതും ബ്ലോക്ക് പഞ്ചായത്ത് ആവശ്യമായ സംഗതിയിൽ അവയ്ക്ക് പിഴ ഒഴിവാക്കുന്നതുമാണ്.

15. അന്തേവാസികൾക്ക് ഭക്ഷണം നൽകുന്നത് ഹോസ്റ്റൽ വാർഡന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. ആയതിന് സ്ത്രീകളായ കീഴ്ജീവനക്കാരെ ഏർപ്പെടുത്താവുന്നതാണ്. ഹോസ്റ്റലിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഫണ്ട് അനുവദിക്കുന്നതല്ല.

16. ഭക്ഷണം അന്തേവാസികൾ സ്വന്തമായി ഉണ്ടാക്കുകയോ മറ്റു മുറികളിൽ ഹീറ്റർ, തേപ്പുപെട്ടി, സ്റ്റൗ മുതലായവ ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്. ഭക്ഷണം ഹോസ്റ്റലിൽനിന്നും ആവശ്യമില്ലാത്ത അന്തേവാസികൾ അവ പുറത്തുനിന്നും കരുതേണ്ടതാണ്

17. പ്രവൃത്തിയെടുക്കുന്ന സ്ത്രീകളുടെ സുരക്ഷിത താമസ ക്രമീകരണത്തിനായി മാത്രം ടി ഹോസ്റ്റൽ സ്ഥാപിച്ചിരിക്കുന്നതിനാൽ, പ്രവേശനം പ്രവൃത്തിയെടുക്കുന്ന വനിതകൾക്കും അവരുടെ അഭാവത്തിൽ +1 മുതൽ മുകളിലുള്ള വിദ്യാർത്ഥിനികൾക്കും മാത്രമായിരിക്കും. മറ്റു സ്ത്രീകൾക്ക് പ്രവേശനം നൽകുവാൻ ലൈസൻസിക്ക് അധികാരമില്ലാത്തതും അങ്ങനെ കണ്ടാൽ ബ്ലോക്ക് പഞ്ചായത്ത് ലൈസൻസ് റദ്ദ് ചെയ്യുന്നതുമായിരിക്കും.

18. ഹോസ്റ്റൽ പ്രവേശനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നവർ സർക്കാർ/ അർദ്ധ സർക്കാർ/ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായ സ്ഥാപനങ്ങളിലെ ജീവനക്കാരാണെന്ന് പ്രവേശനത്തിനു മുമ്പുതന്നെ ലൈസൻസി ഉറപ്പുവരുത്തേണ്ടതാണ്.

19. ഇതുമായി ബന്ധപ്പെട്ട പേറോൾ, ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ്, ഓഫീസ് മേധാവിയുടെ/സ്ഥാപന ഉടമയുടെ ശുപാർശ കത്ത്, മറ്റു ബന്ധപ്പെട്ട രേഖകൾ തുടങ്ങിയവ പരിശോധിക്കേണ്ടതും പ്രാദേശിക രക്ഷാകർത്താവെന്ന നിലയ്ക്ക് ലൈസൻസി അവരിൽ നിന്നും ഒപ്പിട്ടു വാങ്ങേണ്ടതുമാണ്.

20. അന്തേവാസിയുടെ രക്ഷാകർത്താക്കളോ അടുത്ത ബന്ധുക്കളോ ആയ സ്ത്രീകൾ ആരെങ്കിലും ദൂരെ സ്ഥലത്തുനിന്ന് എത്തിയാൽ അവർക്ക് ചെറിയ കാലയളവിലേയ്ക്ക് (പരമാവധി 4 ദിവസം) ഗസ്റ്റായി താമസ സൗകര്യം നൽകുവാൻ ലൈസൻസിക്ക് അധികാരമുണ്ട്. അവർക്ക് ആ കാലയളവിൽ ഭക്ഷണം ആവശ്യമുണ്ടെങ്കിൽ ആരുടെ അതിഥിയായാണോ അവർ എത്തുന്നത് അവരുടെ ഗസ്റ്റായി പരിഗണിക്കേണ്ടതും അതാത് കാലം ഹോസ്റ്റൽ കമ്മിറ്റി നിശ്ചയിക്കുന്ന നിരക്കിലുള്ള ഫീസ് അതിന് വാങ്ങാവുന്നതും ടി തുക യിൽ അധികരിച്ചു വാങ്ങുവാൻ ലൈസൻസിക്ക് അധികാരമില്ലാത്തതുമാകുന്നു.

21. വളരെ അത്യാവശ്യ ഘട്ടങ്ങളിൽ ഹോസ്റ്റൽ കമ്മിറ്റിയുടെയും താമസക്കാരുടെ പ്രതിനിധികളുടെയും അറിവോടെ മാത്രം പുറത്തുനിന്ന് ഭക്ഷണം വാങ്ങി നൽകാവുന്നതാണ്.

22. ഹോസ്റ്റൽ അന്തേവാസികളിൽ ആർക്കെങ്കിലും രോഗമോ, മറ്റു പ്രശ്നങ്ങളോ ഉണ്ടായാൽ പ്രാഥമിക ചികിത്സയ്ക്കുള്ള ഏർപ്പാട് ലൈസൻസി ചെയ്യേണ്ടതും ആവശ്യം വരുന്നപക്ഷം അന്തേവാസികളുടെ അഡ്രസ് പ്രകാരം ഉത്തരവാദിത്വപ്പെട്ട ബന്ധുക്കളെ ഏറ്റവും പെട്ടെന്നുള്ള ആശയ വിനിമയ മാർഗ്ഗം ഉപയോഗിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

23. ഹോസ്റ്റലിലെ ലാൻഡ് ഫോണിൽ കോളുകൾ അനുവദിക്കേണ്ടതും എസ്.റ്റി.ഡി കോളുകൾക്ക്

അന്തേവാസികളിൽനിന്നും യഥാർത്ഥ നിരക്ക് മാത്രം ഈടാക്കാവുന്നതുമാണ്. കോയിൻബോക്സ്, മൊബൈൽ ചാർജർ എന്നിവ ആവശ്യമെങ്കിൽ ലൈസൻസി സ്വന്തം ചെലവിൽ ഏർപ്പെടുത്തി നൽകേണ്ടതാണ്.

24. ഇവിടെ അന്തേവാസികളായ സ്ത്രീകൾ കർശന അച്ചടക്കം പാലിക്കാൻ ബാദ്ധ്യസ്ഥരാണ്. അവരുടെ ഹോസ്റ്റൽ പ്രവേശനം/പുറത്തുപോകൽ എന്നിവ അവരുടെ ഡ്യൂട്ടി സമയത്തിന് ആനുപാതികമായ നിബന്ധനകൾക്ക് വിധേയമായിരിക്കും. തക്കതായ കാരണങ്ങളില്ലാതെ (ഉദാ- രോഗം, പരീക്ഷകൾ, ഇന്റർവ്യൂ, അടുത്ത ബന്ധുക്കളുടെ മരണം) പൊതുവിൽ രാത്രി 9 മണിക്കു ശേഷം അന്തേവാസികൾ പുറത്തുപോകുന്നതിനോ തിരികെ പ്രവേശിക്കുന്നതിനോ അനുവദിക്കുന്നതല്ല. എന്നാൽ തക്കതായ കാരണങ്ങൾ മുൻകൂട്ടി മേട്രനെ അറിയിക്കുകയും മേട്രന് ശരിയെന്നു ബോദ്ധ്യപ്പെടുന്നപക്ഷം ഇളവ് അനുവദിക്കാവുന്നതുമാണ്.

25. നിലവിലുള്ള അന്തേവാസികളുടെ കട്ടിലിൽ ലൈസൻസി മറ്റു സ്ത്രീകളെ പ്രതിദിന വാടകയ്ക്കോ മറ്റോ കിടത്താൻ അനുവദിക്കുവാൻ പാടില്ല. എന്നാൽ ഗസ്റ്റായി എത്തുന്നവർക്ക് മറ്റ് അന്തേവാസികൾക്ക് അസൗകര്യം ഉണ്ടാവാത്ത വിധത്തിൽ മറ്റു മുറികളിലോ ഡോർ മെറ്ററിയിലോ ലൈസൻസിക്ക് താമസം അനുവദിക്കാവുന്നതാണ്.

26. ഹോസ്റ്റൽ മേട്രനെ ലൈസൻസി സ്വന്തം നിലയിൽ നിയോഗിക്കേണ്ടതും ലൈസൻസ് കാലാവധിയായ ഒരു വർഷം ടി നിയമനത്തിലും ബാധകമായിരിക്കുന്നതുമാണ്.

27. ഒരു അന്തേവാസിക്ക് തുടർച്ചയായി ഒരു വർഷത്തിൽ കൂടുതൽ തുടരാൻ അനുവാദമില്ലാത്തതാണ്. എന്നാൽ ഉചിതമായ സംഗതിയിൽ ഹോസ്റ്റൽ അഡ്വൈസറി കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി റീ അഡ്മിഷൻ നടത്താവുന്നതാണ്.

28. ഹോസ്റ്റൽ പ്രവേശന ഫീസായി 100/- രൂപയും ഭരണ സമിതി നിശ്ചയിക്കുന്ന കാഷൻ ഡെപ്പോസിറ്റും വാങ്ങാവുന്നതാണ്. കാഷൻ ഡെപ്പോസിറ്റായി വാങ്ങുന്ന തുക അന്തേവാസി ഒഴിഞ്ഞുപോകുന്ന സമയത്ത് ടിയാരിക്ക് തിരിച്ച് നൽകേണ്ടതും, ടി തുക തുടർന്ന് ബ്ലോക്ക് പഞ്ചായത്തിൽ അടയ്ക്കേണ്ട വിഹിതത്തിൽനിന്നും അഡ്ജസ്റ്റ് ചെയ്ത് അടച്ചാൽ മതിയാകുന്നതുമാണ്. ഈ നിരക്ക് കാലാകാലങ്ങളിൽ മാറ്റം വരുത്തുവാൻ ഹോസ്റ്റൽ കമ്മിറ്റിക്ക് ശുപാർശ ചെയ്യാവുന്നതും ആയത് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അന്തിമ തീരുമാനത്തിന് വിധേയമായി നടപ്പിൽ വരുത്താവുന്നതുമാണ്.

29. വർഷത്തിൽ ഒരു ദിവസം ഹോസ്റ്റൽ ഡേ ആചരിക്കുന്നതും അതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാ ചിലവുകളും അന്തേവാസികൾ കൂട്ടായി വഹിക്കേണ്ടതും അതിന് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പ്രത്യേകം ധനസഹായം ഒന്നും അനുവദിക്കുന്നതല്ലാത്തതുമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്തേവാസികളുടെ പ്രതിനിധിയും ഹോസ്റ്റൽ വാർഡനും ഹോസ്റ്റൽ കമ്മിറ്റിയുടെ മൂന്ന് വനിതാ പ്രതിനിധികളും ചേർന്ന് തീരുമാനിക്കേണ്ടതും ആയതിന്റെ വരവ് ചെലവ് കണക്കുകൾ കാലതാമസം കൂടാതെ പ്രസിദ്ധീകരിച്ച് ബ്ലോക്ക് പഞ്ചായത്തിനെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

30. പഴകിയതോ ഗുണമേന്മ നഷ്ടപ്പെട്ടതോ ആയ ഭക്ഷ്യവസ്തുക്കൾ പാചകം ചെയ്യുവാനോ ഉപയോഗിക്കുവാനോ, ഭക്ഷണം വിതരണം ചെയ്യുവാനോ പാടില്ലാത്തതാണ്. അപ്രകാരം പരാതികൾ ഉയർത്തുന്നപക്ഷം ടി വസ്തുത കമ്മിറ്റിയുടെ പരിശോധനയിൽ ശരിയാണെന്ന് ബോദ്ധ്യപ്പെടുത്തുന്ന പക്ഷം ലൈസൻസ് റദ്ദാക്കപ്പെടുന്നതും, കൗൺസിൽ നിശ്ചയിക്കുന്ന നഷ്ടപരിഹാരം നൽകാൻ ലൈസൻസി ബാദ്ധ്യസ്ഥനാവുന്നതുമാണ്.

31. അന്തേവാസികളുടെയും ഗസ്റ്റുകളുടെയും (നിയമാവലി നമ്പർ 24-ൽ പറയുന്ന) കൈവശമുള്ള പണവും, സ്വർണ്ണവും മറ്റു വസ്തുക്കളും സൂക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം അവരവർക്കു മാത്രമായിരിക്കും. അന്തേവാസികൾക്ക് സ്വർണ്ണാഭരണം ധരിക്കുന്നതിന് നിയന്ത്രണവും, പണം സൂക്ഷിക്കുന്നതിന് പരിധിയും നിശ്ചയിക്കുന്നതാണ്. സാമൂഹ്യ സുരക്ഷിതത്വം, മോഷണമടക്കമുള്ള ഭീഷണികൾ ഒഴിവാക്കുന്നതിനുള്ള മുൻ കരുതൽ എന്ന നിലയ്ക്ക് ഇക്കാര്യം ഹോസ്റ്റൽ അഡ്വൈസറി കമ്മിറ്റി, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി എന്നിവരിൽ നിന്നും ഉണ്ടാവുന്ന തീരുമാനം ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

32. ഹോസ്റ്റൽ കെട്ടിടം മെയിന്റനൻസ് നടത്തേണ്ടതായി വരുമ്പോൾ ലൈസൻസിക്ക് 30 ദിവസത്തിനു മുൻപായി നോട്ടീസ് നൽകി ടി പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനും ആയത് പൂർത്തീകരിക്കുന്നതുവരെ ഹോസ്റ്റൽ പ്രവർത്തനം നിർത്തിവയ്ക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണ സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്. അന്തേവാസികളിൽ തുടർച്ചാസ്വഭാവം ഒരു വർഷത്തിൽക്കൂടുതൽ സാധാരണ ഗതിയിൽ അനുവദനീയമല്ല. എന്നാൽ അന്തേവാസിയുടെ പെരുമാറ്റം, അച്ചടക്കം, തൊഴിൽ, രീതി എന്നിവ പരിഗണിച്ച് പുതിയ അപേക്ഷയായി പരിഗണിച്ച് റീ അഡ്മിഷൻ നൽകുവാൻ ഹോസ്റ്റൽ മേട്രന്റെ ശുപാർശപ്രകാരം ഹോസ്റ്റൽ അഡൈ്വസറി കമ്മിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതും മേൽ കാരണങ്ങൾ വിലയിരുത്തിയും, അന്തേവാസിയുടെ പെരുമാറ്റ രീതി അച്ചടക്കം എന്നിവ പരിഗണിച്ചും റീ അഡ്മിഷന് പരിഗണിക്കാവുന്നതാണ്.

33. ഏഴുമുറികളിൽ ഒരു മുറിയിൽ മൂന്നുപേരെ വച്ച് പതിനെട്ട് അന്തേവാസികൾക്ക് ആറു മുറിയും ഒരു മുറി മേട്രനും മറ്റ് സഹായികൾക്കുമായി ഉപയോഗിക്കാവുന്നതുമാണ്.

34. മേൽപ്പറഞ്ഞ ബൈലോ വ്യവസ്ഥകൾ ഭേദഗതി ചെയ്യാനും, പുതിയ വ്യവസ്ഥകൾ കൂട്ടിച്ചേർക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിക്ക് പൂർണ്ണാധികാരം ഉണ്ടായിരിക്കുന്നതാണ്.

## ഹോസ്റ്റൽ ഫീസ്

ഭക്ഷണച്ചിലവ് മെസ്സ് കമ്മിറ്റി തീരുമാനത്തിനനുസൃതമായും വാട്ടർ ചാർജ്ജ്, സർവ്വീസ് ചാർജ്ജ് ഇവ ഭരണ സമിതി തീരുമാനത്തിനനുസൃതമായും, വാടക കൗൺസിൽ തീരുമാനത്തിനനുസൃതമായും, കറന്റ് ചാർജ്ജ് ഇലക്ട്രിസിറ്റി ബില്ലിന്റെ ആനുപാതികമായ നിരക്കിലും ഈടാക്കാവുന്നതാണ്.

## ഹോസ്റ്റൽ അന്തേവാസികൾക്കുള്ള നിബന്ധനകൾ

1. അവരവരുടെ മുറികൾ വൃത്തിയായി സൂക്ഷിക്കണം.
2. ആഫീസ് ഒഴികെ മറ്റെവിടെയെങ്കിലും പോകുന്ന വിവരം ഹോസ്റ്റലിൽ സൂക്ഷിച്ചിരിക്കുന്ന രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കേണ്ടതാണ്. വൈകുന്നേരം 7 മണിക്ക് മുൻപ് ഹോസ്റ്റലിൽ തിരിച്ചെത്തേണ്ടതാണ്. ഹോസ്റ്റലിൽ എത്തിച്ചേരേണ്ട സമയം സംബന്ധിച്ച് ജോലി സമയത്തിന് ആനുപാതികമായി (പരമാവധി രാത്രി 9 മണിവരെ) യുക്തമായ ഇളവുകൾ നൽകുന്നതിന് വാർഡന് അധികാരമുണ്ടായിരിക്കും.
3. ഹോസ്റ്റൽ വാർഡന്റെ അനുമതി കൂടാതെ വൈകുന്നേരം 7 മണിക്ക് ശേഷം പുറത്തുപോകാൻ പാടില്ലാത്തതാകുന്നു.
4. ഹോസ്റ്റലിലെ താമസക്കാർക്ക് എന്തെങ്കിലും അസുഖമുണ്ടാകുന്നപക്ഷം ടി വിവരം രക്ഷാകർത്താവ്/ലോക്കൽ ഗാർഡിയനെ അറിയിക്കുന്നതും, അവർ ടി കക്ഷിയെ ഹോസ്റ്റലിൽ നിന്നും കൊണ്ടുപോകേണ്ടതുമാണ്.
5. മുൻകൂട്ടിയുള്ള അനുമതി കൂടാതെ രാത്രി കാലങ്ങളിൽ ഹോസ്റ്റലിൽ നിന്നും പുറത്തുപോയി താമസിക്കുവാൻ പാടില്ല.
6. രാത്രിയിൽ 10 മണിക്കും രാവിലെ 6 മണിക്കും ഇടയ്ക്ക് ലൈറ്റ്, വെള്ളം ഇവ ദുരുപയോഗം ചെയ്യാൻ പാടില്ല.
7. ഹോസ്റ്റൽ വക സാധനങ്ങൾക്ക് കേടുവരുത്തുകയോ, നഷ്ടപ്പെടുത്തുകയോ ചെയ്യുന്നപക്ഷം ആയതിന്റെ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കുന്നതാണ്.
8. ഹോസ്റ്റൽ നിവാസികൾ അവരവരുടെ സാധനങ്ങൾ സ്വന്തം ഉത്തരവാദിത്വത്തിൽ സൂക്ഷിച്ചിരിക്കേണ്ടതാണ്. ഏതെങ്കിലും സാധനങ്ങൾ നഷ്ടപ്പെടുന്ന പക്ഷം അതിന് വാർഡൻ ഉത്തരവാദി ആയിരിക്കുന്നതല്ല.
9. ഏതെങ്കിലും തരത്തിലുള്ള സ്വഭാവ ദൂഷ്യമോ ഹോസ്റ്റൽ നിയമാവലി ലംഘിക്കുകയോ ചെയ്യുന്നവരെ ഹോസ്റ്റലിൽ നിന്നും സസ്പെന്റ് ചെയ്യുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നതിന് കാരണമായിത്തീരുന്നതാണ്. ഒരിക്കൽ നീക്കം ചെയ്ത ഒരാളെ പിന്നീട് തിരിച്ച് ഹോസ്റ്റലിൽ പ്രവേശിപ്പിക്കുന്നതല്ല.
10. സംഘടനാ പ്രവർത്തനങ്ങൾ യാതൊന്നുംതന്നെ ഹോസ്റ്റലിൽ പാടില്ല.
11. ഹോസ്റ്റൽ നിവാസികൾ അയൺ, ഹീറ്റർ എന്നിവ ഹോസ്റ്റൽ മുറിയിൽ ഉപയോഗിക്കാൻ പാടില്ല.
12. ക്വാഷൻ ഡെപ്പോസിറ്റ്, പ്രവേശന ഫീസ് ഇവ പ്രവേശന സമയത്തും, ഹോസ്റ്റൽ ഫീസ് ഓരോ മാസത്തിലേയും ആദ്യത്തെ പ്രവൃത്തി ദിവസവും മറ്റു ഫീസുകൾ ഓരോ മാസവും പത്താം തീയതിക്കു മുൻപായും മുൻകൂറായി അടയ്ക്കേണ്ടതാണ്.

13. ഹോസ്റ്റലിലേയ്ക്കുള്ള പ്രവേശനം ഓരോ വർഷവും ഡിസംബർ 31 വരെ മാത്രമാണ് അനുവദിക്കുന്നത്. തുടർന്ന് താമസിക്കുവാൻ ഉദ്ദേശിക്കുന്നവർ കാലാവധി കഴിയുന്നതിന് മുൻപ് പുതിയ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

14. ഭരണ സമിതി നിശ്ചയിക്കുന്ന ക്യാഷൻ ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.

സന്ദർശന സമയം

| | |
|---|---|
| രാവിലെ | 8.00 മണിമുതൽ 9.00 മണിവരെ |
| വൈകുന്നേരം | 4.00 മണിമുതൽ 6.00 മണിവരെ |

സ്ത്രീ സന്ദർശകരെ വാർഡന്റെ അനുമതിയോടെ നിശ്ചിത ഫീസ് ഈടാക്കി രാത്രിയിൽ താമസിക്കുന്നതിന് അനുവദിക്കാവുന്നതാണ്.

*** *** ***